5. അഴിമതിയാരോപണങ്ങൾ അന്വേഷിക്കുന്നതിനു ഓംബുഡ്സ്മാൻ (ലോക്പാൽ) സംവിധാനം ഉണ്ടാക്കിയില്ല.

നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കാനുള്ള രാഷ്ട്രീയനേതൃത്വത്തിന്റെ കഴിവുകേടാണ് ഇവിടെയെല്ലാം ശ്രീ സിംഗ് കാണുന്നത്.

തന്റെ പ്രസംഗങ്ങളുടെ അവസാനത്തിൽ ശ്രീ സിംഗ് ഏതാനും ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്.

—നമ്മുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം ധർമ്മമാണെന്നു പറയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ?

—നമ്മുടെ ദേശീയപതാക സൂചിപ്പിക്കുന്ന ദേശീയാഭിലാഷങ്ങളും ദേശീയമൂല്യങ്ങളും നാം പുലർത്തുന്നുണ്ടോ?

—ആദർശങ്ങൾ കൈവെടിഞ്ഞ് ആത്മാവു നഷ്ടപ്പെട്ട ഒരു രാഷ്ട്രം ഈ അപരാധങ്ങൾക്കു കനത്ത പ്രായശ്ചിത്തം, ഉടനെയോ വൈകിയോ, ചെയ്യാതെ ഒക്കുമോ?

'ഒരു തലമുറ മുമ്പു വരെ 'സത്യസന്ധരുടെ രാഷ്ട്രം' ആയിരുന്ന ഇന്ത്യ, സ്വാതന്ത്ര്യലബ്ധിക്കുശേഷം 'കള്ളന്മാരുടെ രാഷ്ട്രം' ആയി മാറി യെന്നു ശ്രീ ബി. കെ. നെഹ്റു പ്രസ്താവിക്കുകയുണ്ടായി. ശ്രീ. എൽ. പി. സിംഗിനു പറയാനുള്ളതും മറ്റൊന്നല്ല.

ഭരണത്തിന്റെ വിവിധ മേഖലകളിൽ അത്യുന്നത സ്ഥാനങ്ങൾ വഹിച്ച ഈ രണ്ടു മുൻഗവർണർമാരും ഇന്നത്തെ രാഷ്ട്രീയ നേതൃത്വത്തിനെതിരെ കടുത്ത ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

ഈ ആരോപണങ്ങൾ കേട്ടില്ലെന്നു രാഷ്ട്രീയ നേതൃത്വം നടിക്കുന്നതു രാജ്യത്തിന്റെ നന്മയ്ക്കായിരിക്കുകയില്ല.

(15 മാർച്ച്, 1983)

# 56. തെരഞ്ഞെടുപ്പ് അഴിമതി, കാലുമാററം

ഇന്ത്യയിൽ സമൂഹജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും, കായലുകളിൽ ആഫ്രിക്കൻ പായൽപോലെ, അഴിമതി വളർന്നു മുററിയിരിക്കുകയാണല്ലോ. മന്ത്രിമാരെയും നിയമസഭാംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനു നാം അവലംബിച്ചുവരുന്ന സമ്പ്രദായങ്ങളാണ് വളരെ വലിയ അളവിൽ ഇന്ത്യയിലെ അഴിമതിയുടെ ഉറവിടം എന്ന കാര്യത്തിലും എല്ലാ ചിന്തകന്മാരും ഏറെക്കുറെ യോജിക്കുന്നു.

'അധികാരം തോക്കിൻകുഴലിലൂടെ' എന്ന മാവോസിദ്ധാന്തം ഭാഗ്യവശാൽ, ഇനിയും ഇന്ത്യയിൽ നടപ്പിലായിക്കഴിഞ്ഞിട്ടില്ല. 'അധികാരം തെരഞ്ഞെടുപ്പിലൂടെ' എന്നതാണ് ഇന്നും ഇന്ത്യയിലെ നിയമം. തെരഞ്ഞെടുപ്പിൽ പങ്കെടുത്തു വോട്ടുചെയ്യുന്നതിനു നമ്മുടെ നാട്ടിൽ പ്രായപൂർത്തി എത്തിയ എല്ലാവർക്കും അവകാശമുണ്ട്. വോട്ടർപട്ടികയിൽ തന്റെ പേരും ഉൾപ്പെടുത്താൻ തക്കസമയത്തു വോട്ടർ ശ്രദ്ധിച്ചിരിക്കണമെന്നേ ഉള്ളൂ. അങ്ങനെ, വോട്ടു കൊടുക്കുന്നതിനുള്ള അധികാരം എല്ലാവർക്കും ഉണ്ടെങ്കിലും വോട്ടു നേടാനുള്ള കഴിവ്, ഇവിടെ എല്ലാവർക്കുമില്ല. ഇന്ത്യയിൽ വളരെ പണച്ചെലവുള്ള ഒരേർപ്പാടാണ് തെരഞ്ഞെടുപ്പ്. സംസ്ഥാന നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ലക്ഷക്കണക്കിലും കേന്ദ്രനിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ കോടിക്കണക്കിലും രൂപ ഓരോ സ്ഥാനാർത്ഥിയും ചെലവഴിക്കേണ്ടിവരുന്നു. ഇത്രയും പണം സ്വന്തം കൈയിൽനിന്നു ചെലവഴിക്കുക മിക്കവർക്കും

അസാദ്ധ്യമാണല്ലോ. അതിനാൽ, തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി മത്സരിക്കാൻ ആഗ്രഹിക്കുന്നവർ സ്വാഭാവികമായി പാർട്ടികളെ ആശ്രയിക്കുന്നു.

എന്താണു പാർട്ടി? പാർട്ടികളെപ്പററി നമ്മുടെ ഭരണഘടന ഒന്നും പറയുന്നില്ല. പാർട്ടികൾ എങ്ങനെ സംഘടിപ്പിക്കപ്പെടുന്നു? അവയിൽ ആർക്കെല്ലാം അംഗത്വം നൽകപ്പെടുന്നു? ആരെല്ലാം പുറന്തള്ളപ്പെടുന്നു? തങ്ങളുടെ പ്രവർത്തനത്തിനു വേണ്ട പണം പാർട്ടികൾ സമ്പാദിക്കുന്നതെങ്ങനെ? എങ്ങനെ ചിലർ പാർട്ടികളുടെ നേതാക്കളായിത്തീരുന്നു? ഇക്കാര്യങ്ങളൊന്നും ബഹുജനങ്ങൾക്ക് അറിഞ്ഞുകൂടാ. ബഹുജനങ്ങൾ അറിഞ്ഞുകൊള്ളണമെന്നുമില്ല. മറുനാടുകളിലുള്ള 'മാഫിയാ' മുതലായ തസ്കര സംഘങ്ങളെപ്പററി നാം കേട്ടിട്ടുണ്ടല്ലോ. ഈ തസ്കരസംഘങ്ങളുടെ ഘടന, പ്രവർത്തനം മുതലായവയെപ്പററി എത്ര അറിവു സമ്പാദിക്കാൻ കഴിയുമോ, അത്രയും അറിവേ നമ്മുടെ രാഷ്ട്രീയപ്പാർട്ടികളെപ്പററിയും നമുക്കു സമ്പാദിക്കാൻ കഴിയൂ. ഈ പാർട്ടികളിൽ ചിലതു് അവയുടെ ഭരണഘടന പ്രസിദ്ധീകരിക്കാറുണ്ടു്. ചില പാർട്ടികൾ തെരഞ്ഞെടുപ്പു വിജ്ഞാപനങ്ങളും പ്രസിദ്ധീകരിച്ചെന്നിരിക്കും. എന്നാൽ, രാഷ്ട്രീയപ്പാർട്ടികളുടെ ഭരണഘടനയെപ്പററി മനസ്സിലാക്കുന്നതുകൊണ്ടു്, ഈ പാർട്ടികളുടെ സാക്ഷാൽ ഘടനയോ, പ്രവർത്തന സമ്പ്രദായമോ മനസ്സിലാക്കാൻ കഴിയുകയില്ല. അവ എങ്ങനെ പണം നേടുന്നു. എങ്ങനെ പണം ചെലവഴിക്കുന്നു എന്നു മനസ്സിലാക്കുകയാണു് പാർട്ടികളെപ്പററി മനസ്സിലാക്കാൻ നാം ആദ്യമായി ചെയ്യേണ്ടതു്. കുഴലൂത്തുകാരന്റെ രാഗം കൂലി കൊടുക്കുന്നവൻ പറയുന്നതാണല്ലോ. പക്ഷേ, ഈ വിവരങ്ങൾ അറിയാൻ ഒരു മാർഗവുമില്ല. തസ്കരസംഘങ്ങളെപ്പോലെതന്നെ നമ്മുടെ രാഷ്ട്രീയപ്പാർട്ടികളും രഹസ്യമായി പണം ശേഖരിക്കുകയും രഹസ്യമായി പണം ചെലവഴിക്കുകയും ചെയ്യുന്നു. രഹസ്യപുരുഷൻ അവയെ നിയന്ത്രിക്കുന്നു.

അതേസമയം നാം അവലംബിച്ചുപോരുന്ന ജനാധിപത്യസമ്പ്രദായത്തിന്റെ പ്രവർത്തനത്തിനു പാർട്ടികൾ കൂടാതെ കഴിയുകയില്ലെന്നും വന്നിരിക്കുന്നു. ഓരോ തെരഞ്ഞെടുപ്പിനും വൻതോതിൽ പണച്ചെലവുണ്ടു്. വ്യാപകമായ സംഘടനാബലവും തെരഞ്ഞെടുപ്പിൽ വിജയത്തിനു കൂടിയേ കഴിയൂ. പണത്തിനും സംഘടനാബലത്തിനുംവേണ്ടി സ്ഥാനാർത്ഥികൾ പാർട്ടികളുടെ സഹായം തേടുകതന്നെ വേണം. പലപ്പോഴും പാർട്ടികളാണു സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതു്. എന്തു് അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടുന്നു എന്നു നമുക്കു് അറിഞ്ഞുകൂടാ. 'വിജയസാദ്ധ്യതയുടെ അടിസ്ഥാനത്തിൽ' എന്ന ഉത്തരമാണു ചോദിച്ചാൽ കിട്ടുക. എന്താണു്, പക്ഷേ, വിജയസാദ്ധ്യതയുടെ അടിസ്ഥാനം? പലപ്പോഴും അതു് 'കണക്കററ പണം' പിരിച്ചെടുക്കുന്നതിനുള്ള കഴിവാണു്. 'കണക്കററ പണം' എന്നാൽ 'അളവററ പണം' എന്നു മാത്രമല്ല അർത്ഥം, 'കണക്കിൽ കാണാത്ത കള്ളപ്പണം' എന്നു കൂടി അതിനു് അർത്ഥമുണ്ടു്. കള്ളച്ചാരായം വാററി വിററു സാമൂഹ്യദ്രോഹികൾ വാരിക്കൂട്ടുന്ന പണത്തിൽ വളരെ വലിയ ഒരു പങ്കു് രാഷ്ട്രീയപ്പാർട്ടികൾക്കു നൽകപ്പെട്ടുവരുന്നതായി പരക്കെ പ്രസ്താവമുണ്ടു്. കള്ളക്കടത്തു്, കരിഞ്ചന്ത, കള്ളനോട്ടടി, കാടു കൈയേറി വെട്ടിവില്ക്കൽ, മായം കലർത്തൽ, പൂഴ്ത്തിവയ്പ്പ്, കൈക്കൂലി, കള്ളക്കൺട്രാക്ട് തുടങ്ങിയ ക്ഷിപ്രധനസമ്പാദനമാർഗങ്ങളുപയോഗിച്ചു നേടിയ വരുമാനത്തിലും നല്ല ഒരു പങ്കു് രാഷ്ട്രീയപ്പാർട്ടികളുടെ ഭണ്ഡാരത്തിൽ എത്തിച്ചേരുന്നു. ഇതിന്റെയൊക്കെ ഫലമോ? സാമ്പത്തിക കുററവാളികൾ രാഷ്ട്രീയപ്പാർട്ടികളെ കൈയടക്കി, അവയിലൂടെ സമൂഹത്തിന്റെമേൽ

തേർവാഴ്ച നടത്തുന്നു. തങ്ങളുടെ ചൊൽപ്പടിയിലുള്ള രാഷ്ട്രീയപ്പാർട്ടികളെ സമർത്ഥമായി ഉപയോഗപ്പെടുത്തി സാമൂഹ്യദ്രോഹികൾ സർക്കാർ ഖജനാവു് ചോർത്തിയെടുക്കുന്നു. രാജ്യം പാപ്പരാവുന്നു; ജനങ്ങൾ പിച്ചക്കാരും.

രാഷ്ട്രീയപ്പാർട്ടികൾ തെരഞ്ഞെടുപ്പുവിജ്ഞാപനങ്ങൾ ഇറക്കാറുണ്ടെന്നതു ശരിതന്നെ. സാധാരണഗതിയിൽ, ഒരു പാർട്ടിയുടെയും തെരഞ്ഞെടുപ്പു വിജ്ഞാപനം മോശമാകാറില്ല. നല്ല നല്ല കാര്യങ്ങൾ എല്ലാ വിജ്ഞാപനങ്ങളിലും കാണും. പക്ഷേ, തെരഞ്ഞെടുപ്പിനു ശേഷം ഒരു പാർട്ടിയും സ്വന്തം തെരഞ്ഞെടുപ്പു വിജ്ഞാപനത്തിലേക്കു തിരിഞ്ഞുനോക്കാറില്ല. വളരെ കുറച്ചുമാത്രം ഓർമശക്തിയുള്ള പൊതുജനമാകട്ടെ, ഇങ്ങനെ ചില വിജ്ഞാപനങ്ങൾ ഇറങ്ങിയ കഥതന്നെ മറന്നുപോകുന്നു. ഇനി ചിലർ അവയെപ്പറ്റി ഓർമിച്ചാൽത്തന്നെ എന്തു കാര്യം? കേസ് പ്പോതു് ആരു്? കേസ്വി ഏതു്?

അധികാരത്തിലെത്തിപ്പറ്റുന്നതിനുള്ള സംവിധാനമാണു പാർട്ടിയെങ്കിൽ, പാർട്ടികളുടെ എണ്ണം കണക്കില്ലാതെ പെരുകുന്നതിലെന്താണു് അത്ഭുതം? ഒരു കച്ചവടം തുടങ്ങാനുള്ള മൂലധനംപോലും ഒരു പാർട്ടി തുടങ്ങാൻ ആവശ്യമില്ലല്ലോ. അധികാരത്തെച്ചൊല്ലി പാർട്ടികൾക്കുള്ളിൽ നടക്കുന്ന വടംവലികൾ പാർട്ടികൾ പിളരാനും കൂടുതൽ പാർട്ടികൾ ഉളവാകാനും കാരണമായിത്തീരുന്നു. 'രാത്രിയിലെ പൂച്ച പ്രഭാതത്തിലെ മാർജാരൻ' എന്നു പറയാറുണ്ടു്. സാധാരണ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം, പൂച്ചയും മാർജാരനും തമ്മിലുള്ള വ്യത്യാസമേ ബ്രാക്കറ്റിലുൾക്കൊള്ളിച്ച ഇംഗ്ലീഷ് അക്ഷരങ്ങൾകൊണ്ടു വേർതിരിക്കപ്പെട്ട പാർട്ടികൾ തമ്മിലുള്ളു.

പാർട്ടിയിലൂടെ തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയാതെ വരുമ്പോൾ, പാർട്ടി പ്രതിനിധികളായി തെരഞ്ഞെടുപ്പിൽ പങ്കെടുത്തു് നിയമസഭയിൽ അംഗത്വം നേടിയവർ മുൻ പാർട്ടി വിട്ടു് 'സ്വതന്ത്രർ' ആവുകയോ, മററു പാർട്ടികളിൽച്ചേരുകയോ ചെയ്യുന്നു. 'കാലുമാററം' എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രതിഭാസത്തിനു പിന്നിൽ പ്രവർത്തിക്കുന്നതു് പലപ്പോഴും പണമാണു്. ഒന്നോ, രണ്ടോ വോട്ടുകൾ നിർണായകങ്ങളായിത്തീരുന്ന അവസരങ്ങളിൽ, എന്തു വില കൊടുത്തും 'കാലുമാററവും' 'കാലുമാറാതിരിക്കലും' നേടിയെടുക്കാൻ പാർട്ടി പ്രമുഖർ തയ്യാറാവുന്നു. ഒരാൾ കാലു മാറാതിരിയ്ക്കാൻ പുതുതായി ഒരു ഡിസ്ട്രിക്ട് അനുവദിച്ച കഥ നമുക്കറിയാം. ചിലർക്കു വേണ്ടതു് ഡിസ്ട്രിക്ടാവാം; മററു ചിലക്കു് പണമാവാം; ഇനിയും ചിലർക്കു് ഉദ്യോഗമാവാം; വേറെ ചിലർക്കു് വേറെ ചിലതാവാം. ചോദിച്ചവനു് ചോദിച്ചതു നൽകപ്പെടുന്നു.

**1967** മുതൽ **1973** വരെയുള്ള ആറു വർഷങ്ങൾക്കുള്ളിൽ ഇന്ത്യയിൽ രണ്ടായിരത്തെഴുനൂറു ജനപ്രതിനിധികൾ (എം. പി—മാരും, എം. എൽ എ—മാരും) കാലുമാറി. ഈ ജനപ്രതിനിധികളിൽ ഇരുനൂററിപ്പത്തുണ്ടു് കാലുമാററക്കാർക്കു്, കാലു മാറിയതിനു പ്രതിഫലമായി മന്ത്രിസ്ഥാനം നൽകപ്പെട്ടു. പതിനഞ്ചു കാലുമാററക്കാക്കു് മുഖ്യമന്ത്രിസ്ഥാനംതന്നെ ലഭിക്കുകയുണ്ടായി. എത്രയോ കാലുമാററക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചെയർമാന്മാരും ഡയറക്ടർമാരും മററുമായിത്തീർന്നു. മന്ത്രിമാർക്കു തുല്യമോ, അതിലേറെയോ അധികാരവും സാമ്പത്തികാനുകൂല്യങ്ങളും ഈ കാലുമാററക്കാരിൽ പലർക്കും ലഭിക്കുകയുണ്ടായി. ഇന്ത്യയിൽ കാലുമാററം സദാചാരമായി മാറിയെങ്കിൽ എന്താണു് അത്ഭുതം?

രാഷ്ട്രീയരംഗത്തിലുള്ള അഴിമതിയാണു് ഇന്ത്യയിൽ ഇന്നു കാണുന്ന എല്ലാ സാമൂഹ്യ—സാമ്പത്തിക അഴിമതികളുടെയും ഉറവിട

മെങ്കിൽ, അഴിമതി നിവാരണത്തിനുള്ള പരിശ്രമങ്ങൾ രാഷ്ട്രീയ രംഗത്തുതന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയപ്പാർട്ടികളുടെ സംഘടനയും ദൈനംദിന പ്രവർത്തനവും, തെരഞ്ഞെടുപ്പ്, ജനപ്രതിനിധികളുടെ പെരുമാററം എന്നിവ നിയമംമൂലം നിയന്ത്രിച്ച്, രാഷ്ട്രീയ സദാചാരത്തിനേററതായ ഒരന്തരീക്ഷം നാം സൃഷ്ടിക്കുന്നില്ലെങ്കിൽ വിപുലമായ ഒരു പോലീസ് സേനയോ കോടതി സംവിധാനമോ ഇന്ത്യയിൽ നിലനിർത്തുന്നതിൽ യാതൊരർത്ഥവും ഉണ്ടായിരിക്കയില്ല.

വമ്പിച്ച രാഷ്ട്രീയക്കുററങ്ങൾ നിർബാധം നടത്തുവാൻ വലിയ പുള്ളികളെ സ്വതന്ത്രരായി വിട്ടുകൊണ്ടു ചെറിയ ക്രിമിനൽക്കുററങ്ങൾ നടത്തുന്ന സാധാരണ ജനങ്ങളെ നിയന്ത്രിക്കുവാൻ പാടുപെടുന്നതു ഹാസ്യാസ്പദമല്ലേ? ആന ചോരുന്നതു കാണാതെ കടുകു ചോരുന്നതു കാണുകയോ?

തെരഞ്ഞെടുപ്പു രംഗത്തുള്ള രാഷ്ട്രീയ—അഴിമതികൾ തടയുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ഇന്ത്യയിലെ ഇപ്പോഴത്തെ ചീഫ് ഇലക്ഷൻ കമ്മിഷണർ ആയ ശ്രീ ആർ. കെ. ത്രിവേദി മാർച്ച് 27—ാം തീയതി മുന്നോട്ടു വച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളിൽ പലതും ഇതിനുമുമ്പുതന്നെ പലരും പലകുറി ഉന്നയിച്ചിട്ടുള്ളവയാണ്. പക്ഷേ, അഴിമതിയുടേതായ ഇന്നത്തെ അന്തരീക്ഷത്തിൽനിന്നു പോഷണം നേടുന്ന രാഷ്ട്രീയ നേതൃത്വം അവയെപ്പററി ഇനിയും ഗൗരവപൂർവം ചിന്തിച്ചു തുടങ്ങിയിട്ടില്ലെന്നേയുള്ളു. അപഥത്തിൽ സഞ്ചരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തെ തിരുത്താൻ ബാദ്ധ്യത, ജനാധിപത്യത്തിൽ ജനങ്ങൾക്കുള്ളതാണ്. അതിനാൽ ജനങ്ങൾ ഈ പ്രശ്നത്തെപ്പററി ഉറക്കെ ചിന്തിക്കുവാൻ ഒട്ടും വൈകിച്ചുകൂടാ.

പുതുമഴയ്ക്കുശേഷം തകര മുളയ്ക്കുംപോലെ ഇന്ത്യയിൽ രാഷ്ട്രീയപ്പാർട്ടികൾ പെരുകിവരുന്നതു തടയണമെന്നതാണ് ശ്രീ ത്രിവേദിയുടെ ഒരു നിർദ്ദേശം. ഇപ്പോഴത്തെ തെരഞ്ഞെടുപ്പു നിയമം രാഷ്ട്രീയപാർട്ടികളെപ്പററി ഒന്നും പറയുന്നില്ല. വ്യക്തികളെന്ന നിലയിൽ സ്ഥാനാർത്ഥികൾ നിർവഹിക്കേണ്ട ചില കൃത്യങ്ങളെപ്പററി മാത്രമേ നിയമം ഇപ്പോൾ അനുശാസിക്കുന്നുള്ളു. രാഷ്ട്രീയപ്പാർട്ടികളുടെ ബാഹുല്യംകൊണ്ടുണ്ടാകുന്ന കുഴപ്പങ്ങൾ തടയുന്നതിന് അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തിക്കുന്ന പാർട്ടികളെ രജിസ്റ്റർചെയ്യാൻ നിയമമുണ്ടാക്കണമെന്ന് ശ്രീ ത്രിവേദി നിർദ്ദേശിക്കുന്നു. നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത പാർട്ടികൾക്കു തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കരുത്. പാർട്ടികളെ തെരഞ്ഞെടുപ്പു കമ്മിഷൻ അംഗീകരിക്കുന്നതു യുക്തിസംഗതങ്ങളും പ്രായോഗികങ്ങളുമായ തത്ത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. തെരഞ്ഞെടുപ്പിൽ പാർട്ടികൾക്ക് എന്തെല്ലാം ചെയ്യാമെന്നും എന്തെല്ലാംചെയ്തുകൂടെന്നും വ്യക്തമായി നിർവഹിച്ചിരിക്കണം. അവയുടെ തെരഞ്ഞെടുപ്പു ചെലവിന്റെ മേലും നിയന്ത്രണം വേണം. തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ ചെലവുകൾ നിർവഹിക്കാൻ ഒരു ഫണ്ടുണ്ടാക്കണം. പാർട്ടികളും സ്ഥാനാർത്ഥികളുടെ ഗുണകാംക്ഷികളും ചെലവാക്കുന്ന പണത്തിനു പരിധി നിശ്ചയിക്കണം. ഏതെങ്കിലുമൊരു നിയോജകമണ്ഡലത്തിനു പ്രത്യേകമായി ബാധകമാകാത്ത വിധത്തിൽ, പൊതുജനങ്ങളുടെ മുഴുവൻ രാഷ്ട്രീയ വിദ്യാഭ്യാസത്തിനായി പാർട്ടികൾ ചെലവാക്കുന്ന തുക മാത്രമേ ഈ പരിധിയിൽ പെടുത്താതിരുന്നുകൂടു.

പാർട്ടികൾ ശരിയായ കണക്കു സൂക്ഷിക്കണമെന്നും, കണക്കിൽ വരവും ചെലവും വ്യക്തമായി കാണിച്ചിരിക്കണമെന്നും ആണ്ടുതോറും കണക്ക് ഓഡിററുചെയ്യിക്കണമെന്നും ശ്രീ ത്രിവേദി നിർദ്ദേശിക്കുന്നു. പാർട്ടികൾക്കു ശരിയായ രശീതി കൊടുത്തു്, കമ്പനികളിൽനിന്നും

വ്യക്തികളിൽനിന്നും സംഭാവന വാങ്ങാം. സർക്കാരിന് ആവശ്യമായ നിയന്ത്രണങ്ങൾ ഈ സംഭാവനകളുടെമേൽ ചുമത്താവുന്നതാണ്. ഒരു പരിധിക്കപ്പുറം ഈ സംഭാവനകളെ ആദായനികുതിയിൽനിന്ന് ഒഴിവാക്കേണ്ടതുമാണ്.

സ്ഥാനാർത്ഥികൾ കെട്ടിവയ്ക്കേണ്ട തുക വർദ്ധിക്കണമെന്ന് ശ്രീ ത്രിവേദി നിർദ്ദേശിക്കുന്നു. ആറിലൊന്നു വോട്ടു കിട്ടാത്തവർക്ക് ഇപ്പോൾ ഡെപ്പോസിററ് നഷ്ടപ്പെടും. ഈ പരിധി നാലിലൊന്നായി ഉയർത്തണമെന്ന് ശ്രീ ത്രിവേദിയ്ക്ക് അഭിപ്രായമുണ്ട്. തോന്നിയവരൊക്കെ കേറി തെരഞ്ഞെടുപ്പിനു നിൽക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം അവസാനിപ്പിക്കാൻ ഇതാവശ്യമാകുന്നു.

തെരഞ്ഞെടുപ്പിൽ എല്ലാ സ്ഥാനാർത്ഥികൾക്കും ആവശ്യമായ കടലാസ്, വോട്ടർപ്പട്ടികകൾ, ഏതാനും ചുമർ പരസ്യങ്ങൾ, ഒരു നിശ്ചിത എണ്ണം വാഹനങ്ങൾക്ക വേണ്ട പെട്രോൾ—ഡീസൽ കൂപ്പണുകൾ, തപാൽ ചെലവ്, പോളിങ്ങ് ഏജൻറുമാരുടെ പ്രതിഫലം എന്നിവക്കാവശ്യമായ തുക എന്നിവ സർക്കാർ നൽകേണ്ടതാണ്.

ചെലവു ചുരുക്കുന്നതിനായി, കേന്ദ്രത്തിലേക്കും സംസ്ഥാനങ്ങളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പുകൾ ഒരേ സമയം നടത്തണം.

ഒട്ടെങ്കിലും പ്രാബല്യമുള്ള എല്ലാ അഭിപ്രായ ഗതികൾക്കും നിയമസഭകളിൽ പ്രാതിനിധ്യം നൽകുന്നതിനായി, ആനുപാതിക പ്രാതിനിധ്യം ഭാഗികമായി നടപ്പിൽ വരുത്തണമെന്നതാണ് ശ്രീ ത്രിവേദിയുടെ മറെറാരു നിർദ്ദേശം. പാർലമെൻറിലും സ്റ്റേററ് അസംബ്ളികളിലുമുള്ള ആകെ സീററുകളിൽ അമ്പതുശതമാനത്തിലേക്ക് ഇപ്പോഴത്തെ മാതിരി നേരിട്ടു തെരഞ്ഞെടുപ്പു നടത്താം. ബാക്കിയുള്ള അമ്പതു ശതമാനം സീററുകളിലേക്ക തങ്ങൾ നിർദ്ദേശിക്കുന്ന ആളുകളുടെ പേരുകൾ ഓരോ പാർട്ടിയും തെരഞ്ഞെടുപ്പിനു മുമ്പു പ്രഖ്യാപിക്കണം. തെരഞ്ഞെടുപ്പിൽ ഓരോ പാർട്ടിയ്ക്കും കിട്ടിയ വോട്ടുകളുടെ അനുപാതമനുസരിച്ച്, ഈ സീററുകളിലേക്ക തങ്ങളുടെ ലിസ്റ്റിൽ ആദ്യമാദ്യമുള്ള വ്യക്തികളെ ഈ പാർട്ടികൾ അയയ്ക്കേണ്ടതാണ്. അതായത്, ആകെ വോട്ടുകളിൽ മുപ്പതു ശതമാനം ലഭിച്ച പാർട്ടിക്ക് ഇങ്ങനെമാററിവച്ച സീററുകളിൽ മുപ്പതു ശതമാനത്തിലേക്ക തങ്ങളുടെ ലിസ്റ്റിൽ പേരു ചേർത്തു വ്യക്തികളെ അയയ്ക്കാം. ബഹുകോണ മത്സരങ്ങളിൽ ചുരുക്കം ശതമാനം വോട്ടുകളുടെ കുറവുകൊണ്ട് ഇടം കിട്ടാതെ പോയ പാർട്ടികൾക്ക കൂടി അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് ഈ സമ്പ്രദായം ഉപകരിക്കും.

തെരഞ്ഞെടുപ്പു പ്രചാര വേലയിൽ മന്ത്രിമാർ പങ്കെടുത്തുകൂടാ എന്നതു് ശ്രീ ത്രിവേദി ഉന്നയിക്കുന്ന ശ്രദ്ധേയമായ മറെറാരു നിർദ്ദേശമാണ്. മന്ത്രിമാർ ഔദ്യോഗിക യാത്രകൾ തെരഞ്ഞെടുപ്പു പ്രചാരണത്തിനു ദുരുപയോഗപ്പെടുത്തരുത്. സർക്കാർ സംവിധാനവും സർക്കാർവക വാഹനങ്ങളും സർക്കാർ റെസ്റ്റ് ഹൗസുകളും ഡാക് ബംഗ്ലാവുകളും തെരഞ്ഞെടുപ്പിൻവേണ്ടി ഉപയോഗപ്പെടുത്താൻ പാടുള്ളതല്ല.

തെരഞ്ഞെടുപ്പിനുശേഷം നിയമസഭാംഗങ്ങൾ പാർട്ടി മാറുന്നതു നിരോധിക്കണമെന്ന് ശ്രീ ത്രിവേദി കരുതുന്നു. പൊതുരംഗത്തു സദാചാരം നിലനിൽക്കണമെങ്കിൽ, നിയമസഭാംഗത്വം കച്ചവടച്ചരക്കല്ലാതാവണം; അംഗത്വം വിററു കാശാക്കാൻ ആർക്കും കഴിയരുത്. കാലുമാററം തടയുന്നതിന് ഭരണഘടനാഭേദഗതി ആവശ്യമില്ലെന്നാണ് ശ്രീ ത്രിവേദിയുടെ അഭിപ്രായം. 1951—ലെ ജനപ്രാതിനിധ്യനിയമത്തിൽ ഉചിതമായ ഭേദഗതി വരുത്തുന്നതുവഴി ഈ ലക്ഷ്യം നേടാൻ കഴിയും. തെരഞ്ഞെടുപ്പിനു നിൽക്കുന്ന സ്ഥാനാർത്ഥി തൻെറ പാർട്ടി ഏതെന്നു മുൻകൂട്ടി

പ്രഖ്യാപിക്കണം. ആ പാർട്ടിയിൽനിന്ന് ഒഴിയുന്ന നിമിഷത്തിൽ അയാൾക്കു നിയമസഭാംഗത്വവും സ്വയം നഷ്ടപ്പെടണം.

ഈയിടെ നടന്ന ആസാം തെരഞ്ഞെടുപ്പിനെത്തുടർന്നു പൊന്തിവന്ന ഏതാനും പ്രശ്നങ്ങളും ശ്രീ ത്രിവേദി ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ഭരണഘടനയും പാർലമെന്റും സംബന്ധിച്ച പഠനങ്ങൾക്കുവേണ്ടി ഡൽഹിയിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ഒരു സെമിനാറിലാണ്, അനുഭവങ്ങളുടെ പിൻബലമുള്ള ഈ നിർദേശങ്ങൾ ശ്രീ ത്രിവേദി ഉന്നയിച്ചത്. പാർട്ടി സമ്പ്രദായത്തെ ശക്തിപ്പെടുത്തുകയും തെരഞ്ഞെടുപ്പിലും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പെരുമാററത്തിലും ധനശക്തി ചെലുത്തുന്ന ദുസ്വാധീനത്തെ ചെറുക്കുകയുമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

ഈ നിർദേശങ്ങളെയും, സമാനങ്ങളായ മററു നിർദേശങ്ങളെയും ആധാരമാക്കി വ്യാപകമായ ചർച്ചകൾ നടക്കേണ്ടതുണ്ട്. അവയിൽനിന്ന് ഏറെക്കുറെ സർവ്വസ്വീകാര്യങ്ങളായ നിഗമനങ്ങൾ ഉരുത്തിരിഞ്ഞുവരുകയും വേണം. ഏതായാലും ഇന്നത്തെ രീതിയിലുള്ള അഴിമതിയുടെ സർവാധിപത്യം ഏറെക്കാലം തുടരുന്നത് രാജ്യത്തിന്റെ ശ്രേയസ്സിനായിരിക്കയില്ല.

(30 മാർച്ച്, 1983)

# 57. സാഗരകന്യ

ഗോവ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദേശീയ സമുദ്രശാസ്ത്ര സ്ഥാപനം (നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി) പടിഞ്ഞാറേ ജർമനിയിൽനിന്ന് ഇക്കഴിഞ്ഞ ജൂൺ 27–ന് വാങ്ങിയ ഗവേഷണക്കപ്പലാണ് ‘സാഗരകന്യ’. ഇൻഡോ–ജർമ്മൻ സഹകരണപദ്ധതിയനുസരിച്ച് 1977–ൽ ഇന്ത്യാഗവണ്മെന്റ് ഓർഡർ കൊടുത്ത ഈ കപ്പലിന്റെ പണി പൂർത്തിയാവാൻ ആറു വർഷമെടുത്തു. ഇതിന്റെ വിലയായ മുപ്പത്തിരണ്ടു കോടി രൂപ ജർമൻ ഗവണ്മെന്റ് കടമായി നൽകിയിരിക്കുകയാണ്. മുക്കാൽ ശതമാനം പലിശയോടെ, നാല്പതു കൊല്ലംകൊണ്ടു തിരിച്ചടക്കേണ്ടതാണ് ഈ കടം. ഈ കപ്പൽകൊണ്ടു നിർവഹിക്കേണ്ട സാങ്കേതികകാര്യങ്ങൾ എന്തൊക്കെയാണെന്നു തീരുമാനിക്കാൻ ഇന്ത്യാഗവണ്മെന്റിനു നാലു വർഷം വേണ്ടിവന്നു. കപ്പലിന്റെ നിർമാണം രണ്ടു വർഷംകൊണ്ടു പൂർത്തിയായി. നാലു ഡെക്കുകളിലായി ‘സാഗരകന്യ’യിൽ പതിമൂന്നു ഗവേഷണശാലകളുണ്ട്. സമുദ്രജീവശാസ്ത്രം (മറൈൻ ബയോളജി), സമുദ്രഭൂഗർഭശാസ്ത്രം (മറൈൻ ജിയോളജി), സമുദ്രരസതന്ത്രം (കെമിക്കൽ ഓഷ്യാനോഗ്രാഫി), കാലാവസ്ഥാശാസ്ത്രം (മീററിറോളജി) എന്നീ വിജ്ഞാനവിഭാഗങ്ങൾ സംബന്ധിച്ച ഗവേണപഠനങ്ങൾ ഈ ഗവേഷണശാലകളിൽ നിർവഹിക്കാം. ഷിപ്പിംഗ് കോർപ്പറേഷനിലെ ക്യാപ്ററൻ കെ. എസ്. സൂദ് ആണ് സാഗരകന്യയുടെ കപ്പിത്താൻ. കാലാവസ്ഥാപഠനത്തിനായി ‘സാഗരകന്യ’ ജൂലൈ 10–ാം തീയതി കിഴക്കേ ആഫ്രിക്കയിലെ മൊംബാസയിലേക്കു യാത്രയാരംഭിക്കുന്നു. കാലവർഷം ഉത്ഭവിക്കുന്നത് കിഴക്കേ ആഫ്രിക്കയിലെ സോമാലി നിമ്നപ്രദേശത്താണത്രേ. കാലാവസ്ഥാനിരീക്ഷണോപഗ്രഹങ്ങൾ അന്തരീക്ഷത്തിൽനിന്ന് അയയ്ക്കുന്ന മേഘങ്ങളുടെ ചിത്രങ്ങൾ സ്വീകരിക്കാനുള്ള ഒരു പ്ളാററ്ഫോം ‘സാഗരകന്യ’യിലുണ്ട്. ആകാശത്തിലേക്കു